KSEB
കേരളത്തിന്റെ ഊർജ്ജം

150 YEARS OF CELEBRATING THE MAHATMA

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

*(1956 - ലെ ഇന്ത്യൻ കമ്പനി നിയമത്തിന് കീഴിൽ സ്ഥാപിതമായത്)*

*രജി. കാര്യാലയം: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം*

*(CIN No: U40100KL2011SGC027424)*

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം,**

**ഇലക്ട്രിക്കൽ സർക്കിൾ, തിരൂർ**

*വൈദ്യുതിഭവനം, പൂക്കയിൽ, താഴെപ്പാലം, തിരൂർ – 676107*

*ഫോൺ നമ്പർ : 0494 2421429, ഇ-മെയിൽ:* kseb2828@gmail.com

## ദർഘാസ് / ലേല പരസ്യം

ഇലക്ട്രിക്കൽ സർക്കിൾ, തിരൂരിന്റെ കീഴിലുള്ള സബ് റീജിയണൽ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗ ശൂന്യമായ 11kV 3x300 MM2 XLPS കേബിളുകൾ, 11kV AB സ്വിച്ചുകൾ, പി.വി.സി വയർ (WP), പി.വി.സി കേബിൾ സ്ക്രാപ്/XLPE കേബിൾ എന്നിവ ഇപ്പോൾ കാണുന്ന നിലയിൽ ദർഘാസ്/ലേലം അടിസ്ഥാനത്തിൽ വിൽക്കുന്നതിന് ഉദ്ദേശിക്കുന്നു. താൽപര്യമുള്ളവരിൽ നിന്നും പ്രവൃത്തിയുടെ ദർഘാസ് നമ്പർ ആലേഖനം ചെയ്ത മുദ്ര വച്ച കവറുകളിൽ അടക്കം ചെയ്ത മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. പൂരിപ്പിച്ച ദർഘാസുകൾ സ്പീഡ് പോസ്റ്റ്/രജിസ്ട്രേഡ് തപാൽ / കൊറിയർ സർവീസ് മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | ഉപയോഗ്യമല്ലാത്ത സാധനങ്ങളുടെ പേര് | അളവ് | ദർഘാസ് ഫോറം വില | നിരത ദ്രവ്യം | |
|---|---|---|---|---|---|---|
| | | | | | ലേലം | ദർഘാസ് |
| 1 | DCE/ECT/ 04/2024-25 | 11kV 3x300 $MM^2$ XLPE കേബിളുകൾ (4 Pieces) | 24 M | 100 + GST @ 18% = Rs. 118/- | 800/- രൂപ | 800/- രൂപ ദർഘാസ് നൽകുന്നവ്യക്തി ക്വാട്ട് ചെയ്യുന്ന തുകയുടെ 10% ഏതാണോ കൂടുതൽ അത് |
| | | 11kV AB സ്വിച്ച് Sanction Type | 8 Nos. | | | |
| 2 | DCE/ECT/ 05/2024-25 | പി.വി.സി വയർ സ്ക്രാപ് (WP) | 119 Kg | 100 + ജി.എസ്.ടി @ 18% = Rs. 118/- | 2,100/- രൂപ | 2,100/- രൂപ ദർഘാസ് നൽകുന്നവ്യക്തി ക്വാട്ട് ചെയ്യുന്ന തുകയുടെ 10% ഏതാണോ കൂടുതൽ അത് |
| | | പി.വി.സി കേബിൾ സ്ക്രാപ്/XLPE കേബിൾ | 720 kg | | | |

| | | |
|---|---|---|
| ദർഘാസ് ഫോറം വിൽക്കുന്ന തീയ്യതി | : | **16.08.2024 മുതൽ 04.09.2024** വരെ (10:00 മണി മുതൽ 4:00 മണി വരെ) (KSEB web site: www.kseb.in) |
| ദർഘാസ് ഫോറങ്ങൾ സ്വീകരിക്കുന്ന അവസാന തീയ്യതിയും സമയവും | : | **05.09.2024** വൈകീട്ട് 3:30 മണി വരെ. |
| ദർഘാസ് പ്രമാണങ്ങൾ വിൽക്കുകയും ദർഘാസുകൾ സ്വീകരിക്കുകയും ചെയ്യുന്ന ഓഫീസ് | : | **ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ്,** വൈദ്യുതിഭവനം, തിരൂർ. (KSEB web site: www.kseb.in) |
| ലേലം നടത്തുന്ന തീയ്യതിയും സമയവും സ്ഥലവും | : | **10.09.2024,** രാവിലെ **11.00** മണിയ്ക്ക്. ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ്, വൈദ്യുതിഭവനം, തിരൂർ |

**നിബന്ധനകൾ:**

ദർഘാസ് ഫോറങ്ങൾ തപാലിൽ ലഭ്യമല്ല. എന്നാൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, തിരൂർ ഓഫീസിൽ നിന്നും നേരിട്ട് വാങ്ങിക്കുകയോ, അല്ലെങ്കിൽ കെ.എസ്.ഇ ബോർഡ് ലിമിറ്റഡ് വെബ്സൈറ്റിൽ (www.kseb.in) നിന്ന് ഡൗൺലോഡ് ചെയ്തെടുക്കുകയോ ചെയ്യാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ തുക പ്രത്യേകം ഡിമാന്റ് ഡ്രാഫ്റ്റായി (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, തിരൂർ എന്ന പേരിൽ തിരൂർ എസ്. ബി. ഐ യിൽ മാറാവുന്ന തരത്തിലുള്ളത്) ദർഘാസ് ഫോറത്തിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.

PAN കാർഡ്, ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ Tender cum Auction - ൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. ലേലത്തിന് ശേഷം ദർഘാസ് തുറക്കുന്നതും ഉയർന്ന തുകയ്ക്കുള്ള ദർഘാസ്/ലേലം ഉറപ്പിക്കുന്നതുമായിരിക്കും. ദർഘാസ് സമർപ്പിക്കുന്നവർ പാൻകാർഡ്, ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അറസ്റ്റഡ് കോപ്പിയും നിരതദ്രവ്യം നോട്ടീസിൽ കാണിച്ചിട്ടുള്ള തുകയോ, ക്വാട്ട് ചെയ്ത തുകയുടെ 10%, ഏതാണ് കൂടുതൽ അത് ഡിമാന്റ് ഡ്രാഫ്റ്റായി (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, തിരൂർ എന്ന പേരിൽ തിരൂർ എസ്. ബി. ഐ യിൽ മാറാവുന്ന തരത്തിലുള്ളത്) നിർബന്ധമായും ദർഘാസിന്റെ കൂടെ അടക്കം ചെയ്യേണ്ടതാണ്. ആവശ്യമായ നിരതദ്രവ്യം അടക്കം ചെയ്യപ്പെടാത്ത ടെണ്ടറുകൾ സ്വീകാര്യയോഗ്യമല്ലെന്നും പ്രസ്തുത നിരതദ്രവ്യം അറിയിപ്പ് കൂടാതെ ബോർഡിലേക്ക് ഈടാക്കുന്നതുമായിരിക്കും.

ലേലത്തിൽപങ്കെടുക്കുന്നവർ പാൻകാർഡ്, ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, നിരതദ്രവ്യം (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, തിരൂർ എന്ന പേരിൽ തിരൂർ എസ്. ബി. ഐ യിൽ മാറാവുന്ന തരത്തിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ്) എന്നിവ നിർബന്ധമായും കൊണ്ടു വരേണ്ടതും അത് ലേല ദിവസം രാവിലെ 10 മണി മുതൽ 10.30 മണിക്കുള്ളിൽ ഏൽപിച്ച് ടോക്കൺ കൈപ്പറ്റേണ്ടതുമാണ്. ടോക്കൺ ഉള്ളവരെ മാത്രമേ ലേല സ്ഥലത്തേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. ദർഘാസ് സമർപ്പിച്ചവർക്ക് അതിൽ അടക്കം ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ ഫോട്ടോകോപ്പി ലേല ദിവസം രാവിലെ 10 മണി മുതൽ 10.30 മണിക്കുള്ളിൽ ഏൽപിച്ച് ടോക്കൺ കൈപ്പററി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം ഉറപ്പിച്ചാൽ ആ ദിവസം തന്നെ നിരത ദ്രവ്യം ഉൾപ്പെടെ ലേല തുകയുടെ 50% (അൻപത് ശതമാനം) കെട്ടിവെക്കേണ്ടതാണ്. **കാട്ട് ചെയ്യേണ്ട തുക/ലേല തുക GST യും, മറ്റെല്ലാ നികുതികളും ഒഴികെയുള്ള തുകയാണ്.** നികുതി ഉൾപ്പെടെയുള്ള ബാക്കി തുക, അറിയിപ്പ് കിട്ടി 7 ദിവസത്തിനകം അടക്കേണ്ടതാണ്. ദർഘാസ് സംബന്ധമായ വിവരങ്ങൾ ലേല സമയത്ത് വെളിപ്പെടുത്തുന്നതല്ല. ലേലം / ദർഘാസ് സമർപ്പിക്കേണ്ട ദിവസം പൊതു അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും ലേലം നടക്കുന്നതായിരിക്കും. ലേലം/ടെണ്ടറിൽ രണ്ടാമതായി ഉയർന്ന തുക ക്വാട്ട് ചെയ്തയാളുടെ EMD, ലേലം/ടെണ്ടർ ഉറപ്പിച്ച ഓന്നാമൻ വിലയുടെ 50% മെങ്കിലും അടക്കുന്നത് വരെ തിരിച്ചു കൊടുക്കുന്നതല്ല. ദർഘാസ്/ലേലത്തെ സംബന്ധിച്ച് ബോർഡിൽ നിലവിലുള്ള എല്ലാനിയമങ്ങളും ഇതിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് തഴെ പറയുന്ന ഓഫീസുമായി ബന്ധപ്പെടുക.

ഏതെങ്കിലും വ്യക്തിക്കോ, സ്ഥാപനങ്ങൾക്കോ ഈ ദർഘാസിൽ/ലേലത്തിൽ യാതൊരു മുൻഗണനയോ പ്രത്യേക പരിഗണനയോ നൽകുന്നതല്ല. കൂടാതെ നിരതദ്രവ്യം അടക്കുന്നതിൽ നിന്നും ആർക്കും ഇളവ് ഉണ്ടായിരിക്കുന്നതല്ല. ദർഘാസ് സംബന്ധിച്ച അന്തിമ തീരുമാനം സ്ക്രാപ് ഡിസ്പോസൽ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ സാധനങ്ങൾ നീക്കം ചെയ്യാത്ത പക്ഷം ബോർഡ് അനുശാസിക്കുന്ന രീതിയിൽ തറവാടക ഈടാക്കുന്നതാണ്. ദർഘാസ്/ലേലം സ്വീകരിക്കുവാനും തിരസ്കരിക്കുവാനും റദ്ദാക്കാനും ഉള്ള അധികാരം ബോർഡ് അധികൃതരിൽ നിക്ഷിപ്തമായിരിക്കും.

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ**
**ഇലക്ട്രിക്കൽ സർക്കിൾ, തിരൂർ**

**സ്ഥലം: തിരൂർ**
**തിയ്യതി : 13.08.2024**